"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തസ്വഭവ-ആറന്മുള നിയോജകമണ്ഡലം എം എൽ എ ബഹു. ആരോഗ്യവകുപ്പമന്ത്രിയുമായ ശ്രീമതി. വീണ ജോർജ്ജ് അവർകളുടെ 2016-17 വർഷത്തെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ "Construction of Travellers Lounge" എന്ന പ്രവൃത്തിയുടെ തുക 5475-00-800-91 Projects under LAC ADS(NP) എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് ഭരണാനുമതി പുതുക്കി ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയം ഭരണ(ഇഡബ്ല്യുബി) വകുപ്പ്**

സ.ഉ.(സാധാ) നം.285/2022/LSGD തീയതി,തിരുവനന്തപുരം, 08-02-2022

---

1. 30.10.2017 ലെ സഉ(സാധാ).നം.3454/2017/തസ്വഭവ

2. 18/02/2019 തീയതിയിലെ സ.ഉ(സാധാ).നം.360/2019/തസ്വഭവ

3. 01/11/2021 തീയതിയിലെ തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ DB1/4887/12/CE/LID&EW നമ്പർ കത്ത്

4. 9/01/2022 തീയതിയിലെ സ.ഉ(സാധാ).നം. 469/2022/ധന

**ഉത്തരവ്**

ആറന്മുള എം.എൽ.എ ബഹു. ആരോഗ്യവകുപ്പമന്ത്രിയുമായ ശ്രീമതി. വീണ ജോർജ്ജ് അവർകളുടെ 2016-17 സാമ്പത്തിക വർഷത്തിലെ ആസ്തി വികസന ഫണ്ടിൽ നിന്ന് 65 ലക്ഷം രൂപ വിനിയോഗിച്ച് "Construction of Travellers Lounge" എന്ന പ്രവൃത്തിയ്ക്ക് പരാമർശം(1) പ്രകാരം ഭരണാനുമതി നൽകിയിരുന്നു.

പരാമർശം (2) പ്രകാരം മേൽ പ്രവൃത്തിയുടെ നിർവ്വഹണ ഏജൻസിയായി പത്തനംതിട്ട ജില്ലാ നിർമ്മിതി കേന്ദ്രത്തെ ചുമതലപ്പെടുത്തുകയും തുടർന്ന് മേൽപ്രവൃത്തി പൂർത്തീകരിക്കുകയും കരാറിൽ ഏർപ്പെടുന്നതിനായി നിർവ്വഹണ ഉദ്യോഗസ്ഥനായ പത്തനംതിട്ട ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് സമർപ്പിക്കുകയും ചെയ്തിരുന്നു.

പരാമർശം(1) ലെ ഭരണാനുമതി ഉത്തരവിൽ "Construction of Travellers Lounge" എന്ന പ്രവൃത്തി അക്രെഡിറ്റഡ് ഏജൻസിയായ പത്തനംതിട്ട നിർമ്മിതി കേന്ദ്രം PMC ആയാണോ NON-PMC ആയാണോ നിർവഹിക്കേണ്ടതെന്ന് വ്യക്തമാക്കിയിട്ടില്ലെന്നും പ്രസ്തുത പ്രവൃത്തി പൂർത്തീകരിയ്ക്കാൻ

ഏറ്റെടുക്കുമ്പോൾ പത്തനംതിട്ട ജില്ലാ നിർമ്മിതി കേന്ദ്രത്തിനു NON PMC ആയി Costeffective work without bidding process within the district of their sphere of actvity എന്നനിലയിൽ മാത്രമേ പ്രവൃത്തികൾ പൂർത്തകരിക്കാൻ അനുമതി ഉണ്ടായിരുന്നുള്ളുവെന്നും 15.01.2020 ലെ സഉ(പി).നം.08/2020/ഫിൻ പ്രകാരം മാത്രമാണ് പത്തനംതിട്ട ജില്ലാ നിർമ്മിതി കേന്ദ്രത്തിനു General Civil Works PMC ആയി നിർവഹിക്കാൻ അനുമതി ലഭിച്ചതെന്നും കൂടാതെ സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെ(Area of Accredition , PMC/NON-PMC) അടിസ്ഥാനത്തിലല്ല പത്തനംതിട്ട ജില്ലാ നിർമ്മിതികേന്ദ്രം "Construction of Travellers Lounge" എന്ന പ്രവൃത്തി ഉൾപ്പടെ ഭൂരിഭാഗം പ്രവൃത്തികളും നിർവ്വഹണം നടത്തി ബിൽ തയ്യാറാക്കിയിട്ടുള്ളതെന്നും ആയതിനാൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ മേൽ പ്രവൃത്തികളുടെ കരാർ ഉറപ്പിക്കുന്നതും തുടർനടപടി സ്വീകരിക്കുന്നതു സംബന്ധിച്ചും വ്യക്തത ലഭ്യമാക്കണമെന്ന് ചീഫ് എഞ്ചിനീയർ പരാമർശം (3) പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നു.

03.07.2020 ലെ സ.ഉ(സാധാ) നം.4048/2020/ധന പ്രകാരം പത്തനംതിട്ട ജില്ല നിർമ്മിതികേന്ദ്രത്തിന് NON-PMC ആയി പത്തനംതിട്ട ജില്ല പരിധിയിൽ Cost Effective അല്ലാത്ത മറ്റ് എം.എൽ.എ.ആസ്തി വികസന പദ്ധതികളുടെ കൂടി നിർവ്വഹണം നടത്തുന്നതിനുള്ള പ്രത്യേകാനുമതി നൽകിയിട്ടുള്ളതിനാലും പരാമർശം(1) ലെ ഉത്തരവ് പ്രകാരം "Construction of Travellers Lounge" എന്ന പ്രവൃത്തി നിർവ്വഹിക്കുന്നതിന് പത്തനംതിട്ട ജില്ല നിർമ്മിതി കേന്ദ്രത്തിന് അനുമതി നൽകിയിട്ടുള്ളതിനാലും ബഹു.നിയമസഭ ഡെപ്യൂട്ടി സ്പീക്കറുടെ അദ്ധ്യക്ഷതയിൽ 09.11.2021 ൽ ചേർന്ന യോഗ മിനിറ്റ്സ് പ്രകാരം ഭരണാനുമതിയിൽ 5475-00-800-91 Projects under LAC ADS(NP) എന്ന ശീർഷകം ഉൾപ്പെടുത്തി പുതുക്കിയ ഭരണാനുമതി പുതുക്കി നൽകി കൊണ്ട് ടി തുക അനുവദിച്ച് നല്കുന്നതിന് പ്രത്യേകാനുമതി നല്കി പരാമർശം(4) പ്രകാരം ഉത്തരവായിട്ടുണ്ട്

സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചു. ആറന്മുള നിയോജകമണ്ഡലം എം എൽ എ യുടെ 2016-17 വർഷത്തെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പരാമർശം(1) പ്രകാരം 65 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ "Construction of Travellers Lounge" എന്ന പ്രവൃത്തിയുടെ തുക 5475-00-800-91 Projects under LAC ADS(NP) എന്ന ശീർഷകത്തിൽ നിന്നും അനുവദിച്ച് ഭരണാനുമതി പുതുക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രീത.കെ.എസ്.
ജോയിന്റ് സെക്രട്ടറി

പകർപ്പ് :

ബഹു: ആരോഗ്യം ശിശുക്ഷേമം വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ചീഫ് എഞ്ചിനീയർ തദ്ദേശ സ്വയം ഭരണ വകുപ്പ്
പഞ്ചായത്ത് ഡയറക്ടർ
ധനകാര്യ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ, ഓഡിറ്റ്) കേരളം തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് II , കേരള തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ ഇൻഫോർമേഷൻ കേരള മിഷൻ
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ